# അന്ത്യോഖ്യ വിശ്വാസസംരക്ഷണ സമിതി സെമിനാർ

(ഷെവലിയാർ ജെയ്മോൻ സ്കറിയ, ജെനറൽ സെക്രട്ടറി)

മലങ്കര അതിഭദ്രാസനത്തിൻെറ നിയന്ത്രണത്തിൽ പ്രവർത്തിച്ചുകൊണ്ടിരിയ്ക്കുന്ന അന്ത്യോഖ്യ വിശ്വാസസംരക്ഷണ സമിതിയുടെ ആഭിമുഖ്യത്തിൽ, സത്യവിശ്വാസവും, പാരമ്പര്യങ്ങളും എന്ന വിഷയത്തെ ആസ്പതമാക്കി, ഷിക്കാഗോയിലുള്ള സുറിയാനി ഇടവകാംഗങ്ങളെ ഉൾക്കൊള്ളിച്ചുകൊണ്ട്, ഓക്ക് പാർക്കിലുള്ള സെൻറ് ജോർജ് സുറിയാനിപ്പള്ളിയിൽ വച്ച് ഒക്റ്റോബർ 18–ാം തിയതി, ശനിയാഴ്ച്ച വൈകുന്നേരം 6 മണിയ്ക്ക് സെമിനാർ നടത്തി.

സുറിയാനി സഭയുടെ വിശ്വാസം വിലമതിയ്ക്കാത്ത ഒരു നിധിയാണെന്നും എന്നാൽ അത് തുറന്നു നോക്കുവാൻ ശ്രമിയ്ക്കാതെ, അബദ്ധവിശ്വാസങ്ങളുടെ പിറകെ നമ്മൾ ഓടുകയാണെന്നും സെൻറ് ജോർജ് സുറിയാനി പള്ളി വികാരി ബെഹുമാനപ്പെട്ട തോമസ് കുര്യൻ അച്ചൻ അദ്ദേഹത്തിൻെറ ഉൽഘാടനപ്രസംഗത്തിൽ പറഞ്ഞു.

സത്യവിശ്വാസത്തെ പറ്റി നമ്മൾ അറിഞ്ഞിരിയ്ക്കേണ്ടതായ എല്ലാ വിവരങ്ങളും പരിശുദ്ധ സഭയിൽ കൂടി നമുക്ക് ലഭിച്ചിട്ടുണ്ട്. എന്നാൽ അറിഞ്ഞൊ അറിയാ തെയൊ ഒരു കടലാസിൻെറ പോലും വില കൊടുക്കാതെ, അത് അവഗണിച്ചി രിയ്ക്കുകയാണ്. സെൻറ് മേരീസ് ക്നാനായപ്പള്ളി വികാരി ബെഹുമാനപ്പെട്ട തോമസ് മേപ്പുറത്ത് അച്ചൻ അദ്ദേഹത്തിൻെറ ആശംസാപ്രസംഗത്തിൽ സുചിപ്പിച്ചു.

പാരമ്പര്യത്തിൽ കൂടി കൈമാറികിട്ടിയിരിയ്ക്കുന്ന നമ്മളുടെ വിശ്വാസവും, ആചാരാ നുഷ്ടാനങ്ങളും വിലമതിയ്ക്കാത്തതാണെന്നും ഇങ്ങനെയുള്ള സംരഭങ്ങളെ പ്രോത്സാഹിപ്പിയ്ക്കണമെന്നും ബെഹുമാനപ്പെട്ട ലിജു പോൾ ശെമ്മാശൻ അഭ്യർത്ഥിച്ചു.

സത്യ വിശ്വാസവും പാരമ്പര്യങ്ങളും എന്ന വിഷയത്തെ ആസ്പതമാക്കി, ഷെവലിയാർ ചെറിയാൻ വേങ്കടത്ത് സെമിനാർ നയിച്ചു. ആദ്യ നുറ്റാണ്ടുകളിൽ സഭയിലുണ്ടായ ഭേദവിപരീതങ്ങൾ, സുറിയാനി സഭയുടെ വിശ്വാസപ്രമാണം, സഭയുടെ അടിസ്ഥാനം, എന്നി ഭാഗങ്ങൾ ചർച്ചയ്ക്ക് വിധേയമാക്കി.

അന്ത്യോഖ്യ വിശ്വാസം ആദിമകാലാം മുതൽ അഭംഗുരം, അനസ്യൂതം തുടർന്നു പോരുന്നതാണെന്നും, സത്യവിശ്വാസം കാത്തു സൂക്ഷിക്കുന്ന സഭകളിൽ ഒന്ന് എന്നതിനേക്കാൾ ഉപരി, സത്യവിശ്വാസം ക്രിസ്തീയലോകത്തിന് സംഭാവന ചെയ്ത സഭയാണ് സുറിയാനി സഭയെന്നും വിശുദ്ധ വേദപുസ്തകത്തിന് സഭ കൊടുത്തിരിയ്ക്കുന്ന സ്ഥാനവും ബെഹുമാനവും അദ്ദേഹം വ്യക്തമാക്കി.

വിശുദ്ധ വേദപുസ്തകം ഓരോരുത്തരും അവരവർക്കിഷ്ടമുള്ള രീതിയിൽ വ്യാഖ്യാനിയ്ക്കുന്നതാണ് ഇന്ന് ക്രിസ്തീയ സമൂഹത്തിനുള്ള ഒരു വെല്ലുവിളി എന്നും അദ്ദേഹം സൂചിപ്പിച്ചു. അന്ത്യോഖ്യ വിശ്വസസംരക്ഷണ സമിതിയുടെ സെക്രട്ടറി എന്ന സ്ഥാനത്തു നിന്ന് ഷെവലിയാർ ചെറിയാൻ വേങ്കടത്ത് എല്ലാവർക്കും നന്ദി രേഖപ്പെടുത്തി.

ഒരു വർഷം കുറഞ്ഞത് രണ്ട് തവണയെങ്കിലും ഇതുപോലുള്ള സെമിനാറുകൾ സംഘടിപ്പിയ്ക്കുന്നതിനു അന്ത്യോഖ്യ വിശ്വാസസംരക്ഷണ സമിതി ശ്രമിയ്ക്കുന്നുണ്ട് എന്ന് അദ്ദേഹം വിശ്വാസികളെ അറിയിച്ചു.


ASSOCIATION FOR THE PROTECTION
OF ANTIOCHEAN TRUE FAITH


ASSOCIATION FOR THE PROTECTION
OF ANTIOCHEAN TRUE FAITH


TION FOR THE PRO


ASSOCIATION FOR THE PROTECTION
OF ANTIOCHEAN TRUE FAITH